LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ 2005-ൽ മോട്ടോർ വാഹനങ്ങൾക്ക് ഹൈ സെക്യൂരിറ്റി പ്ലേറ്റ് പിടിപ്പിക്കുന്നതിലേക്ക് വിളിച്ച ഓപ്പൺ ടെണ്ടറിൽ ഒരു ബിഡ്ഡർ മാത്രം ഉണ്ടായ കേസ്സിൽ ടെണ്ടർ സ്വീകരിക്കാതിരുന്ന നടപടി ശരിയല്ലയെന്നും രണ്ടാമത് ടെണ്ടർ പോകാൻ പാടില്ലയെന്നുമുള്ള 2011-ലെ Association of Registration Plates Vs Union of India (2005(2)SCC 679) എന്ന വിധി പരിശോധിച്ചു. കൂടാതെ കേരള ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് റീടെണ്ടർ നടത്തിയശേഷം ഒരു സിംഗിൾ ബിഡ്ഡർ മാത്രം വന്ന സാഹചര്യത്തിൽ രണ്ടാമത് ടെണ്ടർ നടത്താൻ പാടില്ല എന്ന കേരള ഹൈക്കോടതി വിധിയും പരിശോധിച്ചു. ഇവ കൂടാതെ ജാർഖണ്ഡ്, കൽക്കട്ടാ ഹൈക്കോടതികളുടെ വിധികളും പരിശോധിച്ചിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ഇത് ഒരു സിംഗിൾ ടെണ്ടർ അല്ല, മറിച്ച് ഓപ്പൺ ടെണ്ടറിൽ ഒരൊറ്റ ബിഡ്ഡർ മാത്രമുള്ള സാഹചര്യമാണ് എന്നും അത് CVC ഗൈഡ്ലൈനുകൾക്ക് അനുസൃതമാണ് എന്നും നിയമോപദേശം ലഭിക്കുകയുണ്ടായി.

സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും പുറത്തിറക്കിയ പർച്ചെയ്സ് സംബന്ധിച്ച വിഷയങ്ങളിൽ ഏക ടെണ്ടർ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പരാമർശിക്കുന്ന 28-10-2013-ലെ സർക്കുലർ നമ്പർ 2508/ബി2/2013/ എസ്.പി.ഡി. പ്രകാരമാണ് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

(ഡി) പദ്ധതിക്കുവേണ്ടി 2005-ലും 2007-ലും വിളിച്ച ടെണ്ടറുകൾ പി.പി.പി. മോഡലിലും 2010-ലും 2013-ലും വിളിച്ച ടെണ്ടറുകൾ വ്യത്യസ്ത പി.പി.പി ഘടകങ്ങളോടുകൂടിയ ലാന്റ് ലോർഡ് മോഡലിലും ആയിരുന്നു. 2013-ലെ മോഡലിൽ ഒരു തവണ മാത്രമാണ് ടെണ്ടർ വിളിച്ചത്. 2013-ൽ വിളിച്ച ടെണ്ടറിൽ ലഭിച്ച ബിഡ് സ്വീകരിക്കുന്നതിനുള്ള ശിപാർശ ചെയ്യുവാൻ ഇതിനുവേണ്ടിയുള്ള ഉന്നതാധികാര സമിതി തീരുമാനിച്ചിരുന്നു. അതിനാൽ റീടെണ്ടർ സംബന്ധമായ കാര്യങ്ങൾ പരിശോധനയ്ക്ക് വന്നിട്ടില്ല.

കയ്യമംഗലം നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

121 (2940) ശ്രീ. വി. എസ്. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തി പൂർത്തീകരിച്ച റോഡുകളുടെ വിവരം വ്യക്തമാക്കാമോ ;

(സി) ഹാർബർ എൻജിനീയറിംഗ് വകുപ്പ് അനുവദിച്ച റോഡ് പ്രവൃത്തികളുടെ വിവരം അസംബ്ലി നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയ്യമംഗലം നിയോജക മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള റോഡുകളുടെ ലിസ്റ്റ് (1) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) പൂർത്തീകരിച്ച റോഡുകളുടെ ലിസ്റ്റ് (2) അനുബന്ധം(ബി) ആയി ചേർത്തിരിക്കുന്നു.*

(സി) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ റോഡുകളുടെ അസംബ്ലി നിയോജക മണ്ഡലം തിരിച്ചുള്ള ലിസ്റ്റ് (3) അനുബന്ധം(സി) ആയി ചേർത്തിരിക്കുന്നു.*

ധർമ്മടം മണ്ഡലത്തിലെ റോഡ് നിർമ്മാണം

122 (2941) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധർമ്മടം മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം തീരദേശ റോഡുകളുടെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിൽ ഓരോ റോഡുകൾക്കും ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ധർമ്മടം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏർപ്പാടാക്കിയ തീരദേശറോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ചെലവഴിച്ച തുക	റിമാർക്സ്
1	മുഴപ്പിലങ്ങാട് കടവ് പുപ്പക്കര മമ്മാക്കുന്ന പാലം റോഡ് (മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്)	70,65,637	പൂർത്തികരിച്ചു.
2	മണപ്പുറംപള്ളി-കെട്ടിനകം റോഡ് (മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്)		പൂർത്തീകരിച്ചു. ബിൽ തയ്യാറാക്കി വരുന്നു.
3	മീത്തലെപീടിക-പരീക്കടവ് റോഡ് (ധർമ്മടം ഗ്രാമപഞ്ചായത്ത്)	14,75,021	പൂർത്തികരിച്ചു.
4	മൊയ്തുപാലം-ബീച്ച് റോഡ് (മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്)	11,24,739	പൂർത്തികരിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.